ഹയർസെക്കണ്ടറി സ്കൂൾ പ്രവേശനത്തിനുള്ള ഇന്റർവ്യൂ

118 [5098] ശ്രീ. സി. ടി. അഹമ്മദ് അലി:
„ ഇ. ടി. മുഹമ്മദ് ബഷീർ:
„ ടി. പി. എം. സാഹിർ:
„ പി. കെ. കെ. ബാവ:
„ വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർസെക്കണ്ടറി സ്കൂളുകളിൽ പ്ലസ് വൺ ക്ലാസ്സുകളിലേക്കുള്ള പ്രവേശനത്തിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രവേശനത്തിനുള്ള ഇന്റർവ്യൂ ഒറ്റ ദിവസമാക്കി മാറ്റുകയും ഇന്റർവ്യൂ സമയത്ത് വിദ്യാർത്ഥി നേരിട്ട് ഹാജരാകാതിരുന്നാൽ മറ്റൊരു അവസരം നൽകാതിരിക്കുകയും ചെയ്യുന്നതിനാൽ പലപ്പോഴും ഉയർന്ന മാർക്ക് നേടിയ കുട്ടിക്ക് എവിടെയും പ്രവേശനം കിട്ടാതെ വരുന്ന അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോളേജുകളിൽ ഡിഗ്രിക്കും ചെയ്തുവരുന്നതുപോലെ ഇഷ്ടമുള്ള സ്ഥാപനവും കോഴ്സും തെരഞ്ഞെടുക്കുമ്പോൾ പറ്റുന്നവിധം ഇന്റർവ്യൂ സമയത്ത് പ്രസന്റ് മാർക്ക് ചെയ്താൽ രണ്ടാമതൊരവസരം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള സീറ്റ് സംവരണം ഉത്തരവനുസരിച്ച് താഴെ പറയുന്ന പ്രകാരമാണ് പ്രവേശനം നടത്തി വരുന്നത്:

(1) സർക്കാർ സ്കൂളുകൾ

സർക്കാർ സ്കൂളുകളിൽ 60 ശതമാനം സീറ്റുകൾ ഓപ്പൺ മെറിറ്റ് വിഭാഗത്തിനായി മാറ്റിവച്ചിട്ടുണ്ട്. പിന്നോക്ക വിഭാഗങ്ങൾക്കായി 20 ശതമാനം സീറ്റുകൾ മാറ്റിവച്ചിട്ടുണ്ട്. (ഈഴവ-8 ശതമാനം, മുസ്ലീം-7 ശതമാനം, ലത്തിൻ കാത്തലിക്/എസ്.ഐ.യു.സി.-1 ശതമാനം, മറ്റു പിന്നോക്ക ഹിന്ദുക്കൾ-3 ശതമാനം, മറ്റു പിന്നോക്ക ക്രിസ്ത്യാനികൾ-1 ശതമാനം എന്നീ ക്രമത്തിലാണ് നീക്കിവച്ചിട്ടുള്ളത്.) പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് 12 ശതമാനവും, പട്ടിക വിഭാഗം വിദ്യാർത്ഥികൾക്ക് 8 ശതമാനവും നീക്കിവച്ചിട്ടുണ്ട്.

(2) എയിഡഡ് സ്കൂളുകൾ

എയിഡഡ് സ്കൂളിൽ ഓപ്പൺ മെറിറ്റിൽ 50 ശതമാനവും മാനേജ്മെന്റ് കാറ്റഗറിയിൽ 30 ശതമാനവും പട്ടികജാതി വിഭാഗങ്ങൾക്ക് 12 ശതമാനവും പട്ടികവർഗ്ഗക്കാർക്ക് 8 ശതമാനവും സീറ്റുകൾ നീക്കിവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(3) ന്യൂനപക്ഷ/പിന്നോക്ക വിഭാഗങ്ങൾ നടത്തുന്ന സ്കൂളുകൾ

ന്യൂനപക്ഷ/പിന്നോക്ക വിഭാഗ മാനേജ്മെന്റുകൾ നടത്തുന്ന എയിഡഡ് സ്കൂളുകളിൽ ഓപ്പൺ മെറിറ്റ് വിഭാഗത്തിൽ 40 ശതമാനവും, മാനേജ്മെന്റ് കോട്ടയിൽ 40 ശതമാനവും, പട്ടികജാതി വിഭാഗക്കാർക്ക് 12 ശതമാനവും, പട്ടികവർഗ്ഗക്കാർക്ക് 8 ശതമാനവും സീറ്റുകൾ നീക്കിവച്ചിട്ടുണ്ട്.

കൂടാതെ ഓപ്പൺ മെറിറ്റിൽ നിന്ന് 5 ശതമാനം സീറ്റുകൾ സ്പോർട്സിൽ മികവ് കാട്ടിയവർക്കും 3 ശതമാനം സീറ്റുകൾ ശാരീരിക വൈകല്യമുള്ളവർക്കും നീക്കിവച്ചിട്ടുണ്ട്. ശാരീരിക വൈകല്യമുള്ളവർക്കായി നീക്കിവച്ചിട്ടുള്ള മൂന്നു ശതമാനം സീറ്റുകളിൽ ഒരു ശതമാനം അന്ധവിദ്യാർത്ഥികൾക്കായി മാറ്റിവച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) അഡ്മിഷൻ സംബന്ധിച്ച് വരുത്തിവരുന്ന ചൊതുവായ നടപടിക്രമങ്ങളിൽ അപാകതകൾ ബോദ്ധ്യപ്പെടുന്നപക്ഷം പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്.

ഹൈക്കോടതി വിധിക്കെതിരെ സർക്കാർ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത എസ്.എൽ.പി.

119 [5099] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയിഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കണമെന്ന ഹൈക്കോടതി വിധിക്കെതിരെ സർക്കാർ സുപ്രീം കോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്തിട്ടുണ്ടോ;

(ബി) ഹൈക്കോടതി വിധി സുപ്രീം കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത എസ്.എൽ.പി.-യുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ വർഷം എത്ര ഹയർ സെക്കണ്ടറി സ്കൂളുകൾക്കാണ് അനുമതി നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നത്; എങ്കിൽ ഏതെല്ലാം സ്കൂളുകൾക്കാണ്;

(ഇ) സുപ്രീം കോടതി സ്റ്റേ ചെയ്തിട്ടുള്ള സ്ഥിതിക്ക് പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നതിനുള്ള നടപടി കോടതി അവക്ഷ്യമാകുമെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ഹൈക്കോടതി വിധി നടപ്പാക്കാത്തതിനെതിരെ ഫയൽ ചെയ്ത കോടതി അവക്ഷ്യ കേസ്സിൽ സുപ്രീം കോടതി സ്റ്റേ നൽകിയിട്ടുണ്ട്.

(സി) എസ്.എൽ. പി. സുപ്രീം കോടതിയിൽ നിലനിൽക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly